# ഗവൺമെൻറ് യു.പി.എസ്, ഐമുറി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - ‘26

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 3 |
| 2. | അടിസ്ഥാന വിവരങ്ങൾ | 4 |
| 3. | ലക്ഷ്യങ്ങൾ | 5 |
| 4. | വിദ്യാലയ ചരിത്രം | 5 |
| 5. | വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട് | 6 |
| 6. | പദ്ധതി രൂപീകരണ പ്രക്രിയ | 6 |
| 7. | നിലവിലെ അവസ്ഥാ വിശകലനം | 6 |
| 8. | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | 8 |
| 9. | പദ്ധതി വിശദാംശങ്ങൾ | 10 |

## ആമുഖം

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പട്ടണത്തിൽ നിന്നും ഏകദേശം നാല് കിലോമീറ്റർ മാറി സ്ഥിതി ചെയ്യുന്ന പ്രകൃതി സുന്ദരമായ കൊച്ചു ഗ്രാമപ്രദേശമാണ് ഐമുറി. കൂവപ്പടി ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം യാത്രാ സൗകര്യം ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ഈ നാട്ടിലെ ജനങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്നുകൊടുത്ത ഏക വിദ്യാലയം ആയിരുന്നു. ദീർഘകാലം ഈ സ്കൂളിലെ പ്രധാന അധ്യാപകനായി സേവനമനുഷ്ഠിച്ച ശ്രീ രാഘവൻപിള്ള സാർ ഈ സ്കൂളിന്റെ ഉന്നമനത്തിനായി അശ്രാന്ത പരിശ്രമം ചെയ്ത വ്യക്തിയാണ്. പിന്നീട് വന്ന ഓരോ പ്രഥമ അധ്യാപകരും ഈ സ്കൂളിന്റെ ഉന്നമനത്തിനായി തങ്ങളുടേതായ സംഭാവനകൾ നൽകിവരുന്നു. അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ എല്ലാ കാലത്തും ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തി പോരുന്നു. നൂറിൽപരം വിദ്യാർത്ഥികൾ ഈ അക്കാദമിക വർഷത്തിൽ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. അന്യസംസ്ഥാനക്കാരായ വിദ്യാർഥികളും ഇവിടെ പഠിച്ചുവരുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വേണ്ടി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പൂർണ്ണ വിജയത്തിന് വേണ്ടി എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിച്ചുവരുന്നു.

**<u>അടിസ്ഥാനവിവരങ്ങൾ:-</u>**

1. വിദ്യാലയത്തിന്റെ പേര് : ഗവ.യു.പി.എസ്. ഐമുറി

വിലാസം : ഐമുറി പി.ഒ., കാവുംപുറം,എറണാകുളം -683544

ഫോൺ : 9447476119 (HM)

2. സ്കൂൾ കോഡ് : 27201

3. വിദ്യാഭ്യാസ ഉപജില്ല : പെരുമ്പാവൂർ

4. വിദ്യാഭ്യാസ ജില്ല : കോതമംഗലം

5.റവന്യൂ ജില്ല : എറണാകുളം

6. ബി.ആർ.സി. : പെരുമ്പാവൂർ

7. സി.ആർ.സി. : കൂവപ്പടി

8. ഗ്രാമപഞ്ചായത്ത് : കൂവപ്പടി

9. ബ്ലോക്ക് പഞ്ചായത്ത് : കൂവപ്പടി

10. ജില്ലാപഞ്ചായത്ത് : എറണാകുളം

11. നിയമസഭാമണ്ഡലം : പെരുമ്പാവൂർ

12. ലോകസഭാമണ്ഡലം : ചാലക്കുടി

13. താലൂക്ക് : കുന്നത്തുനാട്

14. വില്ലേജ് : കൂവപ്പടി

15. ഇ-മെയിൽ : govtupsaimury@gmail.com

## ലക്ഷ്യങ്ങൾ

- അക്കാദമിക മികവിന് ഉപകരിക്കുന്ന തരത്തിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക.
- ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വ്യത്യസ്തമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ
- ആധുനിക തലമുറയിലെ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങൾക്ക് അയവു വരുത്തി പഠന പ്രവർത്തനങ്ങളിലേക്കും സാമൂഹിക പ്രവർത്തനങ്ങളിലേക്കും കുട്ടികളെ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സുമ്പ , യോഗ, കരാട്ടെ തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പാക്കുക
- കുട്ടികളിലെ വ്യത്യസ്തമായ അഭിരുചികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ അനിവാര്യമാണ്. അതിനനുസൃതമായ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുക

## വിദ്യാലയ ചരിത്രം

കാവുംപുറം പള്ളിക്കൂടം, വഞ്ചിപ്പറമ്പ് പള്ളിക്കൂടം എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ഐമുറിഗവൺമെൻറ് യുപി സ്കൂൾ 1948ൽ ഒരു ഓലക്കെട്ടിടത്തിലാണ് ആരംഭിച്ചത് ഐമുറി കരയിൽ കീച്ചേരി പൗലോസ് സാറാണ് സ്കൂളിന് സ്ഥലം നൽകിയത് . 1952ൽ ഓടിട്ട കെട്ടിടം സ്ഥാപിതമായി. ആരംഭത്തിൽ 1 മുതൽ 5 വരെയായിരുന്നു ക്ലാസുകൾ.1986 കാലഘട്ടത്തിൽ 1 മുതൽ 7 വരെയുള്ള ക്ലാസുകൾ നിലവിൽവന്നു.

**വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്**

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ,ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കൽ, പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ, പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

**പദ്ധതി രൂപീകരണ പ്രക്രിയ**

SRG യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും വികസനാവശ്യങ്ങൾ ക്ലാസ് /വിഷയം അടിസ്ഥാനത്തിൽ ഭൗതികം,അക്കാദമികം ,സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ SRG ,SMC, PTA, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ .പിടിഎയുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

**നിലവിലെ അവസ്ഥ വിശകലനം**

**ഭൗതികനേട്ടങ്ങൾ**

ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ KSFE ഫണ്ട് ഉപയോഗിച്ച് ഒരു അടുക്കള പണി കഴിപ്പിച്ചിട്ടുണ്ട്. കൂവപ്പടി ഗ്രാമപഞ്ചായത്ത് കുട്ടികളുടെ പഠനാവശ്യത്തിനായി ഒരു

ലാപ്ടോപ്പും പ്രൊജക്ടറുംനൽകി. കൂടാതെ KITE ൽനിന്ന് 6 ലാപ്ടോപ്പും 2 പ്രൊജക്ടറും ലഭിച്ചിട്ടുണ്ട്. റോട്ടറി ക്ലബ് സ്കൂളിന് ഒരു വാട്ടർ പ്യൂരിഫയർ നൽകിയിട്ടുണ്ട്. BRC ഫണ്ട് ഉപയോഗിച്ച് സ്കൂളിന് നല്ലൊരു ചുറ്റുമതിൽ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. LIONS ക്ലബ്ബ് അടുക്കളയിലേക്ക് ആവശ്യമായ റഫ്രിജറേറ്റർ, മിക്സി എന്നിവയും പാത്രങ്ങളും നൽകുകയുണ്ടായി. BRC യിൽ നിന്ന് ഐലാബിന്റെ ഭാഗമായി ടിവി ,സ്പീക്കർ എന്നിവയും ലാബ് ഉപകരണങ്ങളും സ്കൂളിലേക്ക് നൽകിയിട്ടുണ്ട്. MLA ഫണ്ട് ഉപയോഗിച്ച് 3 ക്ലാസ് മുറികൾ ഉള്ള കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു

**ഭൗതികം-പരിമിതികൾ**

ഓഫീസ്, സ്റ്റാഫ് റൂം ,ലാബ്, ലൈബ്രറി ,കമ്പ്യൂട്ടർ ലാബ് തുടങ്ങിയവക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ക്ലാസ് മുറികളിലേക്ക് ആവശ്യമായ കസേര, ഷെൽഫുകൾ,ലാപ്ടോപ്പുകൾ,ഫാൻ,ലൈറ്റ് എന്നിവ ആവശ്യത്തിന് ഇല്ല. ശൗചാലയങ്ങൾ ആധുനിക സൗകര്യങ്ങൾ ഉള്ളവയല്ല. ഭോജനശാല ഇല്ല. പരിമിതമായ കളിസ്ഥലം. കളിക്കാനുള്ള ഉപകരണങ്ങൾ ഇല്ല. നിലവിലുണ്ടായിരുന്ന പാർക്കിലെ കളി ഉപകരണങ്ങൾ ഉപയോഗശൂന്യമായവയാണ്.

**അക്കാദമിക നേട്ടങ്ങൾ**

2008-2009 അധ്യയന വർഷത്തിൽ പെരുമ്പാവൂർ സബ് ജില്ലയിലെ ഏറ്റവും മികച്ച സ്കൂളായി ഐമുറി ഗവൺമെൻറ് യുപി സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. തുടർച്ചയായി 9 വർഷങ്ങളിൽ പെരുമ്പാവൂർ സബ് ജില്ലയിലെ നിരവധി സ്കൂളുകളോട് മത്സരിച്ച് ഗണിതമേളയിൽ ഓവറോൾചാമ്പ്യൻപട്ടം കരസ്ഥമാക്കിയിട്ടുണ്ട് .കൂടാതെ

ശാസ്ത്രമേളയിലും പ്രവൃത്തി പരിചയമേളകളിലും സ്കൂൾ കലോത്സവങ്ങളിലും സ്കൂളിൽനിന്ന് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും മികവാർന്ന ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തുവരുന്നു. വിദ്യാരംഗം കലാസാഹിത്യ വേദി മത്സരങ്ങളിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച സ്ഥാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തുവരുന്നു.

**<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ:</u>**

ഭാഷാശേഷി വികസനം

മലയാളം ,ഹിന്ദി ,ഇംഗ്ലീഷ് അസംബ്ലി

സംയുക്ത ഡയറി

സചിത്ര പാഠപുസ്തകം

പത്രവായന

കയ്യക്ഷരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

പോഷകാഹാരപരിപാടി

ജന്മദിനത്തിൽ ഒരു പുസ്തകം

വർക്ക്ഷീറ്റ്

മൺമറഞ്ഞ ആഹാരം

ഫാസ്റ്റ് ഫുഡ്-ഫാസ്റ്റ് ടു ഡെത്ത്

LSS,USS തീവ്ര പരിശീലനം

**<u>ഹ്രസ്വകാലപ്രവർത്തനങ്ങൾ</u>**

അസംബ്ലി

ഡയറി

ഫെസ്റ്റ്

പത്രം

വായന മൂല

സർഗസല്ലാപം

ശില്പശാലകൾ

അഭിമുഖങ്ങൾ

പഠനയാത്ര

ഗണിതം-ശാസ്ത്രം-സാമൂഹ്യശാസ്ത്ര പ്രോജക്ടുകൾ

ദിനാചരണങ്ങൾ

**<u>മധ്യകാല പദ്ധതികൾ</u>**

യോഗ

മാലിന്യസംസ്ക്കരണം

വായനാക്കൂട്ടം

പി.ടി.എ./ എം.പി.ടി.എ. സർഗോത്സവം

സമഗ്ര ഗുണമേന്മ സമിതി

പ്രാദേശിക ജന ജാഗ്രത സമിതി

ദുരന്തനിവാരണ സുരക്ഷാസമിതി

**<u>ദീർഘകാല പദ്ധതികൾ</u>**

പുതിയ മന്ദിരം

**കിഡ്സ് പാർക്ക് വർണ്ണകൂടാരം**

**പ്രീ-പ്രൈമറി കെട്ടിടം**

**ലാബ് സമുച്ചയം**

**മൈതാനം**

**ഓഡിറ്റോറിയം**

**ഹൈ-ടെക്ക് ക്ലാസ് റൂം**

## പദ്ധതി വിശദാംശങ്ങൾ

**പ്രവർത്തനം -1**

**പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് വികസിപ്പിക്കുക. | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെഅസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. | ക്ലാസ് ടീച്ചർ |

**പ്രവർത്തനം :-2**

**പേര് :ഡയറി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽഎഴുതുക | ഇംഗ്ലീഷ് അധ്യാപകർ |

**<u>പ്രവർത്തനം :-3</u>**

**പേര് :  ഐ ലവ് മൈ ഇംഗ്ലീഷ്**

**ഉപമേഖല: ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും  വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ(സ്കിറ്റ്, റോൾ പ്ലേ, ഡ്രാമ) | ഇംഗ്ലീഷ് അധ്യാപിക |

**<u>പ്രവർത്തനം   :-  4</u>**

**പേര്          :ഇംഗ്ലീഷ് ഫെസ്റ്റ്**
**ഉപ മേഖല: ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | ഫെബ്രുവരി മാസത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് അധ്യാപിക |

**<u>പ്രവർത്തനം :-5</u>**

**പേര് : ഇംഗ്ലീഷ് പത്രം**
**ഉപ മേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| ഇംഗ്ലീഷിൽ വാർത്തകളും ലേഖനങ്ങളും തയ്യാറാക്കാനുള്ള ശേഷി കൈവരിക്കൽ | ഇംഗ്ലീഷ് രചനകൾ | ഇംഗ്ലീഷ് അധ്യാപിക |

**<u>പ്രവർത്തനം :-6</u>**

**പേര് : മൈ ഇംഗ്ലീഷ്**
**ഉപ മേഖല: ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവു നേടൽ | വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | ഇംഗ്ലീഷ് അധ്യാപകർ |

**<u>പ്രവർത്തനം .7</u>**

**പേര് : വായനാമൂല (ഇംഗ്ലീഷ്)**

**ഉപ മേഖല: ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | ഇംഗ്ലീഷ് ക്ലബ് |

<u>പ്രവർത്തനം :-8</u>

പേര് : സർഗസല്ലാപം
ഉപ മേഖല: ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ,അവ രുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ | ഭാഷാ അധ്യാപകർ |

<u>പ്രവർത്തനം :-9</u>

പേര് : കഥയരങ്ങ്
ഉപ മേഖല: മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| സർഗാത്മകരചനകളിൽ ഏർപ്പെടൽ അവസരമൊരുക്കൽ. വായനാസാമഗ്രികളു ടെ നിർമ്മാണം. | കഥയരങ്ങ്/കവിയരങ്ങ് രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ,രൂപപ്പെടുന്ന ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ, ക്ലാസുമുറിയിലെ പഠനസാമഗ്രിയായി | വിദ്യാരംഗം കലാസാ ഹിത്യവേദി |

| | | |
|---|---|---|
| | മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | |

**<u>പ്രവർത്തനം :-10</u>**

**പേര് : ഗ്രന്ഥശാല ശാക്തീകരണം**
**ഉപ മേഖല: ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ.<br>ലൈബ്രറി പുസ്തകങ്ങളെ ആസ്പദമാക്കി ക്വിസ് നടത്തുന്നു. | ലൈബ്രേറിയൻ |

**<u>പ്രവർത്തനം :-11</u>**

**പേര് : അഭിമുഖങ്ങൾ**
**ഉപ മേഖല: സർഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| സർഗശേഷികളുടെ പരിപോഷണം | പ്രാദേശികമായി ലഭ്യമാകുന്ന സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ | ലൈബ്രേറിയൻ,HM |

**<u>പ്രവർത്തനം 12</u>**

**പേര് : ദിനാചരണങ്ങൾ**
**ഉപ മേഖല:സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിതദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | SRG |

<u>**പ്രവർത്തനം :-13**</u>

**പേര്: സ്കൂൾ വിഷൻ**
**ഉപ മേഖല:സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്ര വികസനം | കുട്ടികളെ വായനയുടെ വിശാലതയിലേക്ക് നയിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. വിദ്യാരംഗം, ലൈബ്രറി പുസ്തകങ്ങളുടെ വായനയും ആസ്വാദനം തയ്യാറാക്കലും, പതിപ്പുകൾ തയ്യാറാക്കൽ . | SRG |

<u>**പ്രവർത്തനം :-14**</u>
**പേര്: കുട്ടി കർഷകർ**
**ഉപ മേഖല: ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മാണം | ശാസ്ത്ര അധ്യാപകർ ,സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് |

## <u>പ്രവർത്തനം 15</u>

**പേര്: പരീക്ഷണക്കളരി**
**ഉപ മേഖല: ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ശാസ്ത്ര അധ്യാപകർ ,സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് |

## <u>പ്രവർത്തനം 16</u>

**പേര്: വരൂ നമുക്ക് ഒരു പരീക്ഷണം ചെയ്യാം**
**ഉപ മേഖല: ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക | ആധുനിക ശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുക ശാസ്ത്ര ലൈബ്രറികൾ വിസ്മയ യാത്ര | ശാസ്ത്ര അധ്യാപകർ |

| | | |
|---|---|---|
| | ഐസിടിയുടെ സഹായത്തോടെ കുട്ടികളിലേക്ക് എത്തിക്കുന്നു | |

**<u>പ്രവർത്തനം 17</u>**

**പേര്: ശാസ്ത്ര പ്രതിഭകൾ**
**ഉപ മേഖല: ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| പ്രതിഭാശാലികളായ വിദ്യാർഥികളിൽ ഗവേഷണ സാധ്യത വർദ്ധിപ്പിക്കൽ | വിവിധ പ്രോജക്ടുകൾ | ശാസ്ത്ര അധ്യാപകർ |

**<u>പ്രവർത്തനം 18</u>**

**പേര്: ഉല്ലാസ ഗണിതം**
**ഉപമേഖല: ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ഗണിത അധ്യാപകർ |

**<u>പ്രവർത്തനം 19</u>**

**പേര്: ഗണിത ക്ലിനിക്ക്**
**ഉപ മേഖല: ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽനിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |

<u>പ്രവർത്തനം 20</u>

പേര്: ഒറിഗാമി ശില്പശാല
ഉപ മേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കൽ ,അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ,പ്രദർശനം സംഘടിപ്പിക്കൽ | ഗണിത അധ്യാപകർ |

<u>പ്രവർത്തനം 21</u>

പേര്: e-ഗണിതം
ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു | ഗണിത അധ്യാപകർ |

**<u>പ്രവർത്തനം 22</u>**

**പേര്: ദിനാചരണം**
**ഉപമേഖല: ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു .നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | SRG |

**<u>പ്രവർത്തനം 23</u>**

**പേര്: നമ്മുടെ സ്വന്തം**
**ഉപ മേഖല: സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റുക | Virtual field trip -ICT സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | |
|---|---|---|
| | പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | |

<u>പ്രവർത്തനം 24</u>

പേര്: നന്മയുടെ നുറുങ്ങുവെട്ടം
ഉപമേഖല: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം ,സുനാമി ,കൊടുങ്കാറ്റ് ,വെള്ളപ്പൊക്കം ,ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും ബോധവാന്മാരാക്കുകയും ചെയ്യുന്നു. പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളിലെ വ്യക്തികൾക്ക്സേവനം ചെയ്യാൻ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ |

<u>പ്രവർത്തനം 25</u>

പേര്: നമ്മുടെ സുരക്ഷ
ഉപമേഖല: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും ബോധവാന്മാരാക്കുന്നു | സാമൂഹിക ശാസ്ത്ര ക്ലബ്ബിന്റെ അഭിമുഖത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

**<u>പ്രവർത്തനം 26</u>**

**പേര്: പഠനയാത്രകൾ**
**ഉപമേഖല: സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| പ്രത്യക്ഷനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ യിടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | SRG |

**<u>പ്രവർത്തനം 27</u>**

**പേര്: സുരീലി ഹിന്ദി**
**ഉപ മേഖല: ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1.ഹിന്ദി അധിക ഭാഷാർജനം<br><br>2. വായനയോടൊപ്പം എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ളസാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക<br><br>3. വിവര സാങ്കേതിക വിദ്യയുടെപ്രയോജനം ഉറപ്പുവരുത്തുക | ഹിന്ദി അസംബ്ലി, ഹിന്ദി കവിത രചന,പ്രസംഗം, കഥ രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br><br>പോസ്റ്ററുകൾ,പതിപ്പുകൾ, ഡയറി,ക്രിസ്മസ് കാർഡ് നിർമ്മാണം<br><br>ICT യുടെ സഹായത്താൽ പാഠ ഭാഗങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുക | ഹിന്ദി അധ്യാപകർ |